പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4842 05/02/2014- ൽ മറുപടിക്ക്

മൃഗസംരക്ഷണ വകുപ്പിനുകീഴിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പിനു കീഴിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) 1) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ കീഴിൽ മുട്ടയുടേയും , പാലിന്റേയും ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതി (ഒറ്റത്തവണ കേന്ദ്രാവിഷ്കൃത പദ്ധതി)<br>10 കോടി രൂപയാണ് ഈ പദ്ധതിയുടെ അടങ്കൽ തുക. ഒരു ഉപഭോക്താവിന് ഒരു ഗർഭിണി പശു, രണ്ട് ആട്, പത്ത് കോഴി,എന്നീ ഘടകങ്ങൾക്ക് 25000 രൂപ സബ്സിഡിയായി നൽകി.<br>2. ബാക്ക്യാഡ് പൗൾട്രി ഡെവലപ്പ്മെന്റ് പ്രോജക്ട്.( സംസ്ഥാന പദ്ധതി)<br>ആഭ്യന്തര മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കുറഞ്ഞ ചെലവിൽ മുട്ടയുല്പാദനം ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പിലൂടെയും, കേരളാ സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപറേഷനിലൂടെ യുമാണ് പദ്ധതി നടപ്പിലാക്കുന്നത്. 2013-14 വർഷം 13 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

3. സംരംഭക വികസന പരിപാടി

ദീർഘ വീക്ഷണമുള്ള സംരംഭകർക്ക് മൃഗസംരക്ഷണ മേഖലയിൽ പരിശീലനം നൽകുക എന്നതാണ് ലക്ഷ്യം. 2013-14 സാമ്പത്തിക വർഷം 100 ലക്ഷം രൂപയാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

4. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം.

ആമ്പുലേറ്ററി വാഹനങ്ങൾ , മൾട്ടി സ്പെഷ്യാലിറ്റി വാഹനങ്ങൾ എന്നിവ വാങ്ങി കർഷകരുടെ വീട്ടുപടിക്കൽ മൃഗങ്ങൾക്ക് ചികിത്സ എത്തിക്കുക എന്നതാണ് ലക്ഷ്യം. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ വെറ്ററിനറി ഡോക്ടർമാരെ രാത്രികാലയളവിൽ കരാറടിസ്ഥാനത്തിൽ നിയമിച്ച് വൈകിട്ട് 6 മണിമുതൽ രാവിലെ 6 മണിവരെ മൃഗചികിത്സാ സേവനം നൽകുകയാണ് ഉദ്ദേശ്യം. 2013-14 സാമ്പത്തിക വർഷം 4 കോടി രൂപയാണ് ഈ പദ്ധയിയ്ക്കായി വകയിരുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കൾ എത്ര; എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ കീഴിൽ മുട്ടയുടേയും , പാലിന്റേയും ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതി

(2011-2012)

ഗുണഭോക്താക്കൾ -3744

ചെലവഴിച്ച തുക - 937 ലക്ഷം രൂപ

ബാക്ക്യാഡ് പൗൾട്രി ഡെവലപ്പ്മെന്റ് പ്രോജക്ട്.

(2012-13)

ഗുണഭോക്താക്കൾ -168000 (മൃഗസംരക്ഷണ വകുപ്പിലൂടെയും,കെ.എസ്.പി.ഡി.സി.യിലൂടെയും)

ചെലവഴിച്ച തുക - 1041.99 ലക്ഷം രൂപ

സംരംഭക വികസന പരിപാടി (2012-13)

ഗുണഭോക്താക്കൾ -4340

ചെലവഴിച്ച തുക - 349.70 ലക്ഷം രൂപ

വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം.(2012-13)

20 ബ്ലോക്കുകളിൽ 10000 മൃഗാരോഗ്യ ക്യാമ്പുകൾ, രാത്രികാല ചികിത്സാ സൗകര്യം എന്നിവ ലഭ്യമാക്കും. 7 ആമ്പുലേറ്ററി വാഹനങ്ങൾ വാങ്ങി. 2 മൾട്ടി സ്പെഷ്യാലിറ്റി വാഹനങ്ങൾ വാങ്ങുന്നതിന്റെ ആദ്യ ഘട്ടത്തിനുള്ള തുക നൽകി.

ചെലവഴിച്ച തുക - 505.38 ലക്ഷം രൂപ

സെക്ഷൻ ഓഫീസർ